(എ) തിരുകൊച്ചി സംസ്ഥാനത്തു് കഴിഞ്ഞ സ്റ്റംവർഷത്തിൽ വിദ്യാഭ്യാസ സൗജന്യത്തിനായി അവശ്യമുള്ള ഡിപ്പാർട്ട്മെൻറിൽ നിന്നും എത്ര രൂപാ ചിലവായി;

(ബി) ഈ സ്റ്റംവർഷം എത്ര രൂപാ ചിലവാക്കേണ്ടിവരും?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ര,വ വ, ഠ ന്ന രൂപാ.

(ബി) ന,ഫ ങ, ഠ ഠ ഠ രൂപാ.

പരവൂർ പൊഴിയിൽ ചീപ്പു കെട്ടുന്നതിനുള്ള നിവേദനം

*ര ര ക. (ര ഠ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പരവൂർ പൊഴിയിൽ ഒരു ചീപ്പു് കെട്ടി ഇത്തിക്കര ഏലായിലെ കൃഷിക്കു് കൂടുതൽ സൌകര്യമാക്കിത്തീർക്കണമെന്നു് കാണിച്ചു് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(സി) ഇവിടെ ഒരു ചീപ്പു് കെട്ടുന്നതു് ഇത്തിക്കര ഏലായുടെ കൃഷിക്കു് കൂടുതൽ സൌകര്യമാണെന്നു ഗവൺമെൻറിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ടു്.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറു് തയാറാക്കിയിട്ടുണ്ടു്.

(സി) ഉണ്ടു്.

ഭൂമി പതിവു്

*ര ര ഛ. (ര ക) ശ്രീ. എം. പി. കൃഷ്ണദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻറു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വൃക്തികൾക്കു് പതിച്ചുകൊടുത്ത ഇനത്തിൽ ഇപ്പോൾ നിയമസഭയിൽ മെമ്പറായിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർക്കാർക്കെങ്കിലും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതൊക്കെല്ലാം; എത്ര ഏക്കർവീതം;

(സി) ഇനിയും വനം പതിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു് എവിടെയെല്ലാം; എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) പതിച്ചുകൊടുത്തിട്ടില്ല. എന്നാൽ കുത്തകപ്പാട്ടമായിട്ടു് ചില ബഹുമാനപ്പെട്ട മെംബർമാർക്കു് കൊടുത്തിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഭൂമി (വനമുൾപ്പെടെ) പതിവു് ക്രമ ര ഛ മുതൽ നിറുത്തി വച്ചിരിക്കുകയാണു്. പാട്ട വ്യവസ്ഥയിൽ മാത്രമേ കൊടുക്കുന്നുള്ളൂ. കൊച്ചി വിഭാഗത്തിലും പതിവു് ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണു്. ഈ നയത്തിൽ ഒരു വ്യത്യാസം വരുത്തുന്ന കാര്യം Land Policy Committee റിപ്പോർട്ടിന്മേൽ ഉത്തരവു പാസാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly